A

सम्ग्र शिक्षा केरल
Samagra Shiksha Kerala
സമഗ്ര ശിക്ഷാ കേരളം

# സമഗ്ര ശിക്ഷാ കേരളം

712

## ആത്യന്തിക വിലയിരുത്തൽ I 2026-2027

## അടിസ്ഥാനപാഠാവലി

ക്ലാസ്: 7 | സമയം: 2 മണിക്കൂർ 15 മിനിറ്റ്

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം
2. ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.
3. എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

---

### (1) വായിക്കാം, എഴുതാം

കാലവർഷവും തുലാവർഷവുമെല്ലാം കഴിഞ്ഞ് വേനൽക്കാലത്ത് പുഞ്ചയായിട്ടാണ് ഞവര കൃഷി ചെയ്യുന്നത്. അറുപത് ദിവസത്തിനുള്ളിൽ കൃഷി പൂർണ്ണമാകുന്നതിനാൽ, പറിച്ചു നടാനുള്ള സമയമില്ല. അതുകൊണ്ട് നേരിട്ടു വിതച്ചിട്ടാണ് കൃഷി തുടങ്ങുന്നത്. സാധാരണ നെൽക്കൃഷിയിൽ ചെയ്യുന്നതുപോലെത്തന്നെ നിലം പാകമാക്കിയ ശേഷം, ജൈവരീതിയിലാണ് കൃഷി ചെയ്യുന്നത്. ഇതൊരു ആയുർവേദ മരുന്ന് കൂടിയാണല്ലോ. അതിനാൽ രാസവളങ്ങളും കീടനാശിനികളും തീർത്തും ഒഴിവാക്കിക്കൊണ്ടുള്ള രീതിയാണ് അവലംബിക്കുന്നത്. നിലം ഒരുക്കി, പച്ചിലവളം ചേർത്ത്, അതിനുശേഷം മുളപ്പിച്ച വിത്ത് പാകിക്കൊണ്ടാണ് തുടങ്ങുക. കുറച്ചുദിവസം പ്രായമായിക്കഴിഞ്ഞാൽ കളയോ മറ്റോ ഉണ്ടെങ്കിൽ പറിച്ചുനീക്കും. മുപ്പത്തിയഞ്ച് - നാല്പതു ദിവസം ആകുമ്പോൾ കതിരുവയ്ക്കും. കതിരാകുമ്പോൾ ചാഴി എന്ന കീടത്തിന്റെ ആക്രമണമാണ് വലിയ വെല്ലുവിളി.

(യാത്രികന്റെ യാത്രകൾ - മാങ്ങാട് രത്നാകരൻ)

a) എപ്പോഴാണ് ഞവര കൃഷി ചെയ്യുന്നത്?

   A. ഇടവപ്പാതിയിൽ
   B. വേനൽക്കാലത്ത്
   C. തുലാവർഷത്തിൽ
   D. ശൈത്യകാലത്ത്

b) ഞവരക്കൃഷി പൂർണമാകുന്നതിന് എത്ര ദിവസമെടുക്കും?

   A. തൊണ്ണൂറ് ദിവസം
   B. നാൽപത്തിയഞ്ച് ദിവസം
   C. നൂറ് ദിവസം
   D. അറുപത് ദിവസം

c) ഞവരനെല്ല് ജൈവരീതിയിൽ കൃഷി ചെയ്യുന്നതിനുള്ള പ്രധാന കാരണം എന്ത്?

   A. ഞവര അരി ആയുർവേദ മരുന്ന് കൂടിയാണ്.
   B. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്
   C. രാസവളങ്ങൾ കിട്ടാനില്ലാത്തതുകൊണ്ട്
   D. ഇവയൊന്നുമല്ല

d) കതിരാകുമ്പോൾ ഞവരകൃഷിയുടെ ഏറ്റവും വലിയ വെല്ലുവിളി എന്ത്?

A. വെള്ളം കെട്ടി നിൽക്കുന്നത്

B. വളരെ കുറഞ്ഞ സമയത്ത് കതിരാകുന്നു.

C. ചാഴിയുടെ ആക്രമണം

D. കൊയ്യാൻ ആളെ കിട്ടില്ല.

e) കാര്യകാരണബന്ധം നോക്കി ശരിയുത്തരം കണ്ടെത്തുക.

കാര്യം - നേരിട്ടു വിതച്ചാണ് ഞവര കൃഷി ചെയ്യുന്നത്.

കാരണം - അറുപത് ദിവസം കൊണ്ട് കൃഷി പൂർത്തിയാകുന്നതിനാൽ, പറിച്ചു നടാൻ സമയമില്ല.

A. കാര്യവും കാരണവും തെറ്റ്

B. കാര്യം ശരി കാരണം തെറ്റ്

C. കാര്യവും കാരണവും ശരി.

D. കാരണം മാത്രം ശരി

**2 a)** **പഴഞ്ചൊൽ വിശകലനം**

കേരളത്തിന്റെ കാർഷിക സംസ്കാരവുമായി ബന്ധമുള്ള ധാരാളം പഴഞ്ചൊല്ലുകൾ പ്രചാരത്തിലുണ്ടല്ലോ.

'ഞാറില്ലെങ്കിൽ ചോറില്ല'

എന്ന പഴഞ്ചൊല്ലിനെ 'വിത്തെന്ന മഹാദ്ഭുതം' എന്ന പാഠഭാഗവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുക.

b) ഗ്രാമശ്രീകൾ എന്ന കവിത ഏതു കൃതിയിൽ നിന്ന് എടുത്തതാണ്?

A. ഗ്രാമശ്രീകൾ

B. കണിക്കൊന്ന

C. മുത്തച്ഛന്റെ കണ്ണുനീര്

D. ഒരു പിടി അവില്

c) പ്രസ്താവന 1 : ഗ്രാമീണ വീഥികളും മുറ്റങ്ങളും അരങ്ങായി ഉപയോഗിക്കുന്ന വിപുലമായ അവതരണഘടനയാണ് കുമ്മാട്ടി എന്ന കലാരൂപത്തിനുള്ളത്.

പ്രസ്താവന 2 : ദൈവാധീനത്തിനു വേണ്ടി ആദ്യം തള്ള, പന്നി എന്നീ വേഷങ്ങളാണ് കെട്ടുന്നത്.

മുകളിൽക്കൊടുത്തവയിൽ ശരിയായ പ്രസ്താവന ഏത്?

A. പ്രസ്താവന 1 ഉം 2 ഉം ശരി

B. പ്രസ്താവന 1 മാത്രം ശരി

C. പ്രസ്താവന 1 ഉം 2 ഉം തെറ്റ്

D. പ്രസ്താവന 2 മാത്രം ശരി

ചുവടെ കൊടുത്ത 3A , 3B എന്നീ രണ്ടു ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനുമാത്രം ഉത്തരമെഴുതുക.

**3. A താരതമ്യക്കുറിപ്പ്**

നുകവും തോളത്തേന്തിക്കാളയ്ക്കുപിൻപേ പോകും
സുകൃതസ്വരൂപമേ, നിന്നെ ഞാൻ നമിക്കുന്നു.
പൊരിവെയ്ലിലീ നിന്റെയുഗ്രമാം തപസ്സല്ലേ
നിറയെക്കതിർക്കുല ചൂടിപ്പൂ നെൽപാടത്തെ!

(എന്റെ ഗുരുനാഥൻ - ചങ്ങമ്പുഴ)

കൈകൾ കിണഞ്ഞു പണികയായ് ഞാറിന്മേൽ
കാൽകൾ ചളിയിൽ കുതിക്കയായി;
താഴെ, വയലിൽ, നിരയായ് നിരയായി
നീലനീരാളം വിരിയുകയായ്;

(ഗ്രാമശ്രീകൾ - കടത്തനാട്ട് മാധവി അമ്മ)

രണ്ടു കവിതകളിലെയും ആശയങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

അല്ലെങ്കിൽ

**3.B വിശകലനക്കുറിപ്പ്**

എത്രമേൽ ഞെരിച്ചാലും
ചവിട്ടിയരച്ചാലും
ഒറ്റവിത്തതു ബാക്കി -
യായവ നിവർന്നേക്കാം.

(പാഠപുസ്തകം - ദിവാകരൻ വിഷ്ണുമംഗലം)

കർഷകത്തൊഴിലാളികളുടെ അധ്വാനമാണ് മണ്ണിൽ പൊന്നുവിളയിക്കുന്നതെന്ന് ഗ്രാമശ്രീകളെന്ന കവിതയിൽ നിന്ന് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. രണ്ടു കവിതകളിലേയും ആശയങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

ചുവടെ കൊടുത്ത **4A, 4B** എന്നീ രണ്ടു ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനുമാത്രം ഉത്തരമെഴുതുക.

## 4.A നോട്ടീസ്

ഓണാഘോഷത്തിന്റെ ഭാഗമായി ഗവ. യു.പി. സ്കൂൾ കാരക്കത്തൊടിയിൽ എം.പി.ടി.എ യുടെ നേതൃത്വത്തിൽ കൈകൊട്ടിക്കളി മത്സരം നടത്തുന്നു. ആഗസ്റ്റ് 21 ന് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ചു നടത്തുന്ന പരിപാടിയുടെ പ്രചരണാർഥം നോട്ടീസ് തയ്യാറാക്കുക.

അല്ലെങ്കിൽ

## 4.B പോസ്റ്റർ

നിങ്ങളുടെ സ്കൂളിൽ ജൈവപച്ചക്കറി കൃഷിയുടെ വിളവെടുപ്പ് ആഗസ്റ്റ് 18 ന് നടക്കുകയാണ്. കൃഷി ഓഫീസർ ഉദ്ഘാടനം ചെയ്യുന്ന ഈ പരിപാടിയെക്കുറിച്ച് എല്ലാവരെയും അറിയിക്കുന്നതിനായി പോസ്റ്റർ തയ്യാറാക്കുക.

## 5 അഭിമുഖ ചോദ്യാവലി

നമ്മുടെ നാട്ടിലെ കാർഷികോത്സവങ്ങളെക്കുറിച്ച് അറിയുന്നതിന് മുതിർന്ന കർഷകനുമായി അഭിമുഖം നടത്താൻ തീരുമാനിച്ചു. അതിലേക്കാവശ്യമായ ചോദ്യാവലി തയ്യാറാക്കുക. കുറഞ്ഞത് അഞ്ച് ചോദ്യങ്ങളെങ്കിലും ഉണ്ടാവണം.

## 6 ആസ്വാദനക്കുറിപ്പ്

കന്നിക്കൊയ്ത്ത്

പൊന്നുഷസ്സിന്റെ കൊയ്ത്തിൽനിന്നൂരി-
ച്ചിന്നിയ കതിർ ചുറ്റും കിടക്കെ,
മേവി കൊയ്ത്തുകാർ പുഞ്ചയിൽ, ഗ്രാമ -
ജീവിതകഥാനാടകഭൂവിൽ.
കെട്ടിയ മുടി കച്ചയാൽ മൂടി,
ചുറ്റിയ തുണി ചായ്ച്ചൊന്നു കുത്തി,
വെറ്റില ചവ,ച്ചുന്മദമോളം-
വെട്ടിടുമരിവാളുകളേന്തി,
ഒന്നിച്ചാനമ്രമെയ്യോടേ നില്പൂ
കന്നിപ്പാടത്തു കൊയ്ത്തുകാർ നീളെ;
നൽപ്പുലർകാലപാടലവാനിൽ
ശുഭ്രമേഘപരമ്പരപോലെ!

വൈലോപ്പിള്ളി ശ്രീധരമേനോൻ

| |
|---|
| മേവി - നിലകൊണ്ടു |
| നമ്രം - കുനിഞ്ഞ |
| പാടലവാനം - ചുവന്ന ആകാശം |
| ശുഭ്രമേഘം - വെളുത്തമേഘം |

ഈ കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.